70

# എന്തൊരു ദിവസം!

**വായനാ ഭാഗം #29**

VII. യേശുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ച (തുടർച്ച).
E. ചൊവ്വ: “ചോദ്യങ്ങളുടെ വലിയ ദിവസം” (തുടർച്ച).
2. അധികാരത്തെ കുറിച്ചുള്ള ചോദ്യം:
a. ചോദ്യവും യേശുവിന്റെ ഉത്തരവും (മത്താ. 21:23–27; മർക്കൊ. 11:27–33; ലൂക്കൊ. 20:1–8).
b. അവന്റെ പ്രതികരണത്തിന്റെ ഭാഗം: ഉപമകൾ.
(1) രണ്ടു പുത്രന്മാരുടെ ഉപമ (മത്താ. 21:28–32).
(2) ദുഷ്ട കുടിയാന്മാരുടെ ഉപമ (മത്താ. 21:33–46; മർക്കൊ. 12:1–12; ലൂക്കൊ. 20:9–19).
(3) രാജാവിന്റെ മകന്റെ കല്ല്യാണവിരുന്നിന്റെ ഉപമ (മത്താ. 22:1–14).
3. ചോദ്യങ്ങളുടെ പരമ്പര:
a. ചുങ്കം കൊടുക്കുന്നതിനെ കുറിച്ചു ഹെരോദാവുമാരും പരീശന്മാരും ചോദിക്കുന്നു (മത്താ. 22:15–22; മർക്കൊ. 12:13–17; ലൂക്കൊ. 20:20–26).

**മുഖവുര**

ഒരു മനുഷ്യന്, മാറ്റത്തിനായി, എല്ലാം അവൻ ആഗ്രഹിക്കുന്നതുപോലെ നീങ്ങുന്ന ഒരു ദിവസം ഉണ്ടാകും. അവൻ രാവിലെ എഴുന്നേല്ക്കുമ്പോൾ നന്നായി തോന്നും. അവന്റെ മേലുദ്യോഗസ്ഥൻ അവൻ ചെയ്യുന്നതിനെ എല്ലാം പുകഴ്ത്തുകയും ശമ്പളവർദ്ധന നൽകുകയും ചെയ്യുന്നു. അവൻ വീട്ടിലെത്തുമ്പോൾ മക്കൾ അവനെ ചുംബിക്കുന്നു. അവന്റെ ഭാര്യ അവനെ ആലിംഗനത്താൽ ശ്വാസം മുട്ടിക്കുകയും ഇഷ്ടഭോജനം തയ്യാറാക്കി കൊടുക്കുകയും ചെയ്യുന്നു. അപ്രതീക്ഷിതമായി ഒരു സ്നേഹിതനു കൊടുത്തിരുന്ന പണം തിരിച്ച് കൊണ്ടുകൊടുക്കുന്നു. അവൻ അന്നു രാത്രി കിടക്കുവാൻ പോകുമ്പോൾ അവൻ വിചാരിക്കും, “ഹാ, എന്തൊരു ദിവസം!” അവന്റെ അയൽക്കാരന്റെ ദിവസം അങ്ങനെയായിരുന്നില്ല: അയാൾ എഴുന്നേറ്റത് തലവേദനയോടുകൂടെയാണ്. അവൻ ഷേവ് ചെയ്തപ്പോൾ മുഖം മുറിഞ്ഞു. അന്ന് അവൻ താമസിച്ചാണ് ജോലിക്ക് പോയത്, അവന്റെ ബോസ് അന്നു മുഴുവൻ അവനെ വിമർശിച്ചുകൊണ്ടിരുന്നു. രോഷാകുലയായ ഭാര്യയും കരയുന്ന കുട്ടികളും ആണ് അവനെ വീട്ടിൽ സ്വാഗതം ചെയ്തത്. ബില്ലുകൾ അടക്കുവാൻ കഴിഞ്ഞില്ല. അവസാനമായി അവന്റെ പട്ടി അവനെ കടിക്കുകയും ചെയ്തു. അവൻ രാത്രിയിൽ കിടക്കുമ്പോൾ, ഒരു നെടുവീർപ്പോടെ പറയും, “ഹൊ, *എന്തൊരു* ദിവസം!”[1]

നാം പഠിക്കുന്നത്, യേശുവിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും, തിരക്കുള്ളതും,[2] കഠിനവുമായ ദിവസങ്ങളെ കുറിച്ചാണ്: അവന്റെ ശുശ്രൂ

ഷയുടെ അവസാന ആഴ്ച്ചയിലെ ദിവസമായ ചൊവ്വ.[3] അത് ഉപദേശത്തിന്റെ ദിവസം ആയിരുന്നു,[4] ചോദ്യങ്ങളുടെ ദിവസം ആയിരുന്നു, പോരാട്ടത്തിന്റെ ദിവസം ആയിരുന്നു, തള്ളിക്കളയലിന്റേയും ദിവസം ആയിരുന്നു. ആ ദിവസത്തിന്റെ അവസാനം, ക്രിസ്തുവിന്, ഏതാണ്ട് തൃപ്തിയോടെ, ഇങ്ങനെ പറയുവാൻ കഴിയുമായിരുന്നു, "ഓ, എന്തൊരു ദിവസം!" നേരെ മറിച്ച്, ലജ്ജിതരായ അവന്റെ ശത്രുക്കൾക്ക് ഞരങ്ങിക്കൊണ്ട്, "*എന്തൊരു* ദിവസം!" എന്നു പറയുവാനേ കഴിഞ്ഞുള്ളു.

അത്തി ഉണങ്ങിപ്പോയ സംഭവത്തോടുകൂടെയാണ് നമ്മുടെ കഴിഞ്ഞ പാഠം നാം പരിചയപ്പെടുത്തിയത്. ഈ പാഠം നാം തുടങ്ങുമ്പോൾ, യേശു ദൈവാലയത്തിലെത്തിയിരിക്കയാണ് – അവസാനമായി – പുരുഷാരത്തെ ഉപദേശിച്ചുകൊണ്ടിരിക്കുകയാണ് (മത്തായി 21:23; മർക്കൊസ് 11:27; ലൂക്കൊസ് 20:1) അവർ പെസഹപെരുന്നാളിനായിരുന്നു കൂടിവന്നത്. അവൻ അന്നു നടത്തിയ ഉപദേശത്തിലെ ചില സത്യങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ് ഈ അവതരണം.[5]

## അധികാരത്തെ സംബന്ധിച്ച ഒരു പാഠം
## (മത്താ. 21:23-27; മർക്കൊ. 11:27-33; ലൂക്കൊ. 20:1-8)

"അവൻ ദൈവാലയത്തിൽ[6] ജനത്തോട് ഉപദേശിച്ച് സുവിശേഷം[7] അറിയിക്കുമ്പോൾ, മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരുമായി അടുത്തുവന്ന് അവനോട് ചോദിക്കുന്നു" (ലൂക്കൊസ് 20:1). ന്യായാധിപസഭയെ പ്രതിനിധീകരിക്കുന്നവരായിരുന്നു, "മഹാപുരോഹിതന്മാരും," "ശാസ്ത്രിമാരും," "മൂപ്പന്മാരും." യേശു മരിക്കേണ്ടതാണെന്ന കല്പന പുറപ്പെടുവിച്ച യെഹൂദ ന്യായാധിപ പ്രതിനിധിസംഘമായിരുന്നു അത് (യോഹന്നാൻ 11:47–53, 57).

### ചോദ്യം

അവർ അവനോട് ചോദിച്ചു, "നീ എന്ത് അധികാരം കൊണ്ട് ഇതു ചെയ്യുന്നു? നിനക്ക് ഈ അധികാരം തന്നത് ആർ?" (മത്തായി 21:23; മർക്കൊസ് 11:27, 28; ലൂക്കൊസ് 20:2 നോക്കുക). ഇത് എന്ന് പറഞ്ഞതിൽ അവന്റെ ഉപദേശവും ഉൾപ്പെടുന്നു, അവൻ അംഗീകരിക്കപ്പെട്ട റബ്ബി ആയിരുന്നില്ല. തലേദിവസം അവൻ ദൈവാലയത്തെ ശുദ്ധീകരിച്ചതും, ഒരുപക്ഷെ രണ്ടുദിവസം മുൻപ് നടന്ന പ്രദക്ഷിണവും അവരുടെ ഉള്ളിൽ ഉണ്ടായിരുന്നേക്കാം.[8]

അത്തരം ചോദ്യങ്ങൾ ചോദിക്കുവാൻ പ്രമാണിമാർക്ക് അവകാശമുണ്ടായിരുന്നു, ദൈവാലയവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഉത്തരവാദിത്വം അവർക്കായിരുന്നു. കൂടാതെ അത് ഒരു യുക്തിപരമായ ചോദ്യവുമായിരുന്നു; മതപരമായ ചർച്ചകളിൽ, ആദ്യം സ്ഥാപിക്കേണ്ടത് അധികാരമാണ്. നിർഭാഗ്യവശാൽ, സത്യം കണ്ടെത്തുവാനുള്ള ചോദ്യമല്ല അവർ ചോദിച്ചത്. മറിച്ച്, അവരുടെ പ്രത്യേകനിയന്ത്രണത്തിലുള്ള കാര്യങ്ങളിൽ "അധികാരിക–മല്ലാത്ത, സ്വയം–നിയമിതനാണെന്ന് വരുത്തിതീർത്ത് യേശുവിനെ പുരുഷാരത്തിന് ഏല്പിക്കുകയായിരുന്നു അവരുടെ ലക്ഷ്യം."[9]

ക്രിസ്തുവിന്റെ അധികാരം മനുഷ്യരിൽനിന്നായിരുന്നില്ല, മറിച്ച് ദൈവത്തിൽനിന്നായിരുന്നു (മത്തായി 17:5; 28:18; എബ്രായർ 1:1, 2); എങ്കിലും ചോദ്യകർത്താക്കൾക്ക് അതൊന്നും അറിയണമെന്നുണ്ടായിരുന്നില്ല. മൂന്നു

വർഷത്തോളം തന്റെ മശിഹാത്വത്തിന്റെ വിശ്വാസ്യത നിരവധി വീര്യപ്രവൃത്തികളാൽ അവൻ തെളിയിക്കയുണ്ടായി, എന്നാൽ ആ തെളിവുകളെല്ലാം അവർ കണ്ടില്ലെന്നു നടിച്ചു. കൂടാതെ, അവൻ ഇനിയും തെളിവുകൾ നൽകിയാലും അവർ വിശ്വസിക്കുകയില്ല. കർത്താവിന് അതെല്ലാം അറിയാവുന്നതുകൊണ്ട് അവൻ ആ ചോദ്യത്തെ മറ്റൊരു ചോദ്യം കൊണ്ട് നേരിട്ടു – ആ ചോദ്യത്തിനു അവർ ആത്മാർത്ഥമായി ഉത്തരം പറയുകയാണെങ്കിൽ, അവരുടെ ആദ്യത്തെ ചോദ്യത്തിനുള്ള ഉത്തരവും ലഭിക്കും.

**പ്രതികരണം**

അവൻ പറഞ്ഞു, "ഞാനും നിങ്ങളോട് ഒരു വാക്ക് ചോദിക്കും, അതു നിങ്ങൾ എന്നോട് പറഞ്ഞാൽ, എന്തധികാരംകൊണ്ട് ഞാൻ ഇതു ചെയ്യുന്നു എന്നുള്ളത് ഞാനും നിങ്ങളോട് പറയും. യോഹന്നാന്റെ സ്നാനം എവിടെനിന്ന്? സ്വർഗത്തിൽനിന്നോ മനുഷ്യരിൽനിന്നോ?'' (മത്തായി 21:24, 25). യോഹന്നാന്റെ സ്നാനം സ്വർഗത്തിൽനിന്നു വന്നു എന്ന് അവർ സമ്മതിച്ചാൽ, അവൻ പിന്നെ ദൈവത്താൽ നിയോഗിക്കപ്പെട്ടവനാണെന്നും – അവന്റെ ഉപദേശം സത്യമായിരുന്നു എന്നും സമ്മതിക്കണം. ആ ഉപദേശത്തിൽ യേശുവിനെ കുറിച്ചുള്ള സാക്ഷ്യവും ഉൾപ്പെടും: "ഇതാ, ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്"; "... ഇവൻ ദൈവപുത്രൻ തന്നെ" (യോഹന്നാൻ 1:29, 34).[10] ആകയാൽ അവർ യോഹന്നാന്റെ അധികാരത്തെ അംഗീകരിച്ചാൽ, യേശുവിന്റെ അധികാരത്തെയും അംഗീകരിക്കണം.

ക്രിസ്തുവിന്റെ മറുപടി പ്രമാണിമാരെ ഉത്തരം മുട്ടിച്ചു. അവർ പെട്ടെന്ന് ഒരു സമ്മേളനം വിളിച്ചു.

> അവർ തമ്മിൽ നിരൂപിച്ചു, "സ്വർഗത്തിൽനിന്ന് എന്നു പറഞ്ഞാൽ 'പിന്നെ നിങ്ങൾ അവനെ വിശ്വസിക്കാഞ്ഞത് എന്ത്?' എന്ന് അവൻ ചോദിക്കും, മനുഷ്യരിൽനിന്ന് എന്നു പറഞ്ഞാലോ, ജനം ഒക്കെയും യോഹന്നാൻ ഒരു പ്രവാചകൻ എന്ന് ഉറെച്ചിരിക്കകൊണ്ട് 'നമ്മെ കല്ലെറിയും.'" (ലൂക്കൊസ് 20:5, 6).

അവർ വിഷമസന്ധിയിലായി: ഒന്നുകിൽ അവർ യോഹന്നാൻ യേശുവിനെ കുറിച്ച് പറഞ്ഞതു സത്യമായിരുന്നു എന്ന് സമ്മതിക്കണം, അല്ലെങ്കിൽ അവർ കാര്യങ്ങൾ തങ്ങളുടെ വഴിക്ക് കൊണ്ടുവരുവാൻ ശ്രമിക്കുന്ന പുരുഷാരത്തിന്റെ സാഹസികതയോട് ചേരണം. "*സത്യസന്ധ*മായ ഉത്തരം എന്തെന്ന്? അറിയുവാൻ" അവർ ചർച്ച ഒന്നും ചെയ്തില്ല. അവർ ചിന്തിച്ചത് "തങ്ങൾക്ക് *അനുകൂലമായ* ഉത്തരം എന്തായിരിക്കും? എന്നായിരുന്നു."

ലജ്ജിച്ചുകൊണ്ട്, അവർ യേശുവിന്റെ അടുക്കലേക്ക് മടങ്ങിവന്നു പറഞ്ഞു, "എവിടെനിന്നോ ഞങ്ങൾ അറിയുന്നില്ല" (മത്തായി 21:27). "ഞങ്ങൾ അതിന് ഉത്തരം പറയുവാൻ ആഗ്രഹിക്കുന്നില്ല" എന്നതായിരിക്കും അവരുടെ ഉള്ളിൽ നിന്ന് വരേണ്ടിയിരുന്നത്. എന്നാൽ സത്യാവസ്ഥയായിരുന്നില്ല അവരുടെ ശക്തി. യേശു മറുപടി പറഞ്ഞു, "എന്നാൽ ഞാൻ ഇത് എന്തധികാരം കൊണ്ട് ചെയ്യുന്നു എന്ന് ഞാനും നിങ്ങളോട് പറയുന്നില്ല" (മത്തായി 21:27). സത്യസന്ധരായ ആളുകളോട് ഇടപെടുന്നതുപോലെ നിങ്ങൾക്ക് സത്യ

സന്ധരല്ലാത്ത ആളുകോട് ഇടപെടുവാൻ കഴിയുകയില്ല എന്ന് ഒരാൾ പറഞ്ഞിട്ടുണ്ട്.

### പുത്രത്വത്തെ കുറിച്ച് ഒരു പാഠം
### (മത്താ. 21:28-32; മർക്കൊ. 12:1)

തന്റെ വിമർശകർ തല്ക്കാലത്തേക്ക് നിശബ്ദരായപ്പോൾ, യേശു "ഉപമകളാൽ അവരോട് [പ്രമാണിമാരോടും പുരുഷാരത്തോടും] പറഞ്ഞു തുടങ്ങി" (മർക്കൊസ് 12:1). ഇതിനെതുടർന്നു മൂന്നു സംഭവങ്ങൾ ഉടനടി വരുന്നു.[11] മൂന്നും യെഹൂദാധികാരികളുടെ ഹൃദയങ്ങളെ വെളിപ്പെടുത്തുന്നതായിരുന്നു. അവർ അവന്റെ അധികാരത്തെ ചോദ്യം ചെയ്തു. ഇപ്പോൾ ദൈവനിയമത്തിന്റെ ഉത്തരവാദികളായ അവർ *തങ്ങളുടെ* അധികാരത്തെ ദുർവിനിയോഗം ചെയ്തതായി അവൻ അവരെ കുറ്റപ്പെടുത്തി.

മർക്കൊസിന്റെ വിവരണത്തിൽ ആ സംഭവങ്ങളെ "ഉപമകൾ" എന്നാണ് വിളിച്ചിരിക്കുന്നത് (മർക്കൊസ് 12:1). പക്ഷെ അവർ ആ ഉപമയുടെ നിലവാരത്തിനനുസരിച്ചുള്ളവരായിരുന്നില്ല. ഉദാഹരണമായി, ഒരു നിയമമായി, ഒരു ഉപമയിൽ ഒരൊറ്റ പോയിന്റാണുള്ളത്; എന്നാൽ ഈ സംഭവങ്ങൾ അധികവും ദൃഷ്ടാന്തപരമാണ്. അസംഖ്യം സമാനതകൾ രൂപപ്പെടുത്താം, ഓരോ പ്രസ്താവനയെകുറിച്ചും, പല പ്രായോഗികതയും വരുത്താം.[12] എങ്ങനെയായാലും, അതിലെ *ഓരോ* വിശദാംശവും നോക്കി അതിന് "എന്തെങ്കിലും അർത്ഥം കാണും" എന്ന് ചിന്തിക്കുവാൻ ശ്രമിക്കരുത്.

#### ചോദ്യം

"നിങ്ങൾ എന്തു വിചാരിക്കുന്നു?" എന്ന് ചോദിച്ചുകൊണ്ട് അവൻ പറഞ്ഞുതുടങ്ങി (മത്തായി 21:28). താൻ ഒരു ചോദ്യം ചോദിക്കുവാൻ പോകുന്നു എന്ന സൂചന അവൻ അവർക്ക് നല്കി, അതുകൊണ്ട് അവർ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരുന്നു. അവൻ പറഞ്ഞ കഥ വളരെ ലളിതമായിരുന്നു:

> ഒരു മനുഷ്യന്ന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു, അവൻ ഒന്നാമന്റെ അടുക്കൽ ചെന്നു, "മകനേ ഇന്നു എന്റെ മുന്തിരിത്തോട്ടത്തിൽ പോയി ജോലി ചെയ്ക" എന്നു പറഞ്ഞു. "എനിക്ക് മനസില്ല" എന്ന് അവൻ ഉത്തരം പറഞ്ഞു. എങ്കിലും പിന്നത്തേതിൽ അനുതപിച്ചു അവൻ പോയി. രണ്ടാമത്തവന്റെ അടുക്കൽ അവൻ ചെന്നു അങ്ങനെ തന്നെ പറഞ്ഞപ്പോൾ, "ഞാൻ പോകാം അപ്പാ" എന്നു അവൻ ഉത്തരം പറഞ്ഞു, പോയില്ലതാനും (മത്തായി 21:28–30)[13]

യേശു തിരിഞ്ഞ് തന്റെ ശത്രുക്കളോട്[14] ചോദിച്ചു, "ഈ രണ്ടുപേരിൽ ആരാകുന്നു അപ്പന്റെ ഇഷ്ടം ചെയ്തത്?" (മത്തായി 21:31).

#### പ്രതികരണം

ഇപ്പോൾ ഒരുപക്ഷെ അവർക്ക് നെടുവീർപ്പിടുവാനുള്ള ആശ്വാസം ലഭിച്ചിരിക്കാം; ഇത് അവർക്ക് മറുപടി നൽകുവാൻ *കഴിവുള്ള* ചോദ്യമാണ്. അവർ മറുപടി പറഞ്ഞതു, "ഒന്നാമത്തവൻ" (മത്തായി 21:31) – അവരുടെ ഉത്തരത്തിൽ അവർ കുടുങ്ങിയെന്ന് തിരിച്ചറിഞ്ഞില്ല.

ഉപമയിലെ, ഒന്നാമത്തവൻ–''എനിക്ക് മനസില്ല'' എന്നു പറഞ്ഞുവെങ്കിലും, പിന്നെ അപ്പന്റെ ഇഷ്ടം ചെയ്തത് – സാധാരണക്കാരെ പ്രതിനിധീകരിക്കുകയാണ്, പ്രത്യേകിച്ച് പരീശന്മാർ പറഞ്ഞ "ചുങ്കക്കാരും പാപികളും" (മത്തായി 9:11). മുൻപ്, ആ "പാപികൾ" ദൈവവഴിയിൽ നടക്കുവാൻ മടിച്ചവരാണ്; എന്നാൽ അവർ യോഹന്നാന്റേയും, യേശുവിന്റേയും പ്രസംഗം കേട്ട്, മാനസാന്തരപ്പെട്ടു. നേരെ മറിച്ച്, രണ്ടാമത്തെ മകൻ – പറഞ്ഞതു, "ഞാൻ പോകാം" എന്നാണ്, പിന്നെ അവൻ അപ്പനെ അനുസരിക്കാതിരുന്നത് – തങ്ങൾക്ക് വേണ്ടി നൽകിയ ദൈവനിയമത്തെ പ്രമാണിക്കാതിരുന്ന മതാദ്ധ്യക്ഷന്മാരെയാണ് പ്രതിനിധീകരിക്കുന്നത്.

യേശു പ്രായോഗികത വരുത്തി:

> ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്ക് മുമ്പായി[15] ദൈവരാജ്യത്തിൽ കടക്കുന്നു എന്നു സത്യമായിട്ടു ഞാൻ നിങ്ങളോട് പറയുന്നു. യോഹന്നാൻ നീതിമാർഗം ഉപദേശിച്ചുകൊണ്ട് നിങ്ങളുടെ അടുക്കൽ വന്നു. നിങ്ങൾ അവനെ വിശ്വസിച്ചില്ല;[16] എന്നാൽ ചുങ്കക്കാരും വേശ്യമാരും അവനെ വിശ്വസിച്ചു; അതു കണ്ടിട്ടും നിങ്ങൾ അവനെ വിശ്വസിപ്പാൻ തക്കവണ്ണം പിന്നത്തേതിൽ അനുതപിച്ചില്ല (മത്തായി 21:31, 32).

യേശു പ്രാഥമികമായി ഉപമകൾ ഉപയോഗിച്ചതു കൂടാതെ – തന്റെ ശത്രുക്കൾക്ക് വെളിപ്പെടുത്തിയ – പല പ്രായോഗിക പാഠങ്ങളും നമുക്ക് അതിൽനിന്നെടുക്കാം. ഉദാഹരണത്തിന്, "മാനസാന്തരം" എന്ന വാക്കിന്റെ നല്ല ഒരു ഉദാഹരണമാണ് ആ ചിത്രീകരണം: ഗ്രീക്കിൽ വാക്യം 29ൽ തർജിമ ചെയ്തിരിക്കുന്ന വാക്ക് "റിഗ്രെറ്റും" വാക്യം 32ലെ "ഫീൽ റിമോഴ്സും" രണ്ടും പലപ്പോഴും ഉപയോഗിച്ചിരിക്കുന്ന "മാനസാന്തരപ്പെടുക" എന്നതിന്റെ രൂപഭേദമാണ്. അതിനെ "മനസിന്റെ മാറ്റം" എന്നു തർജിമ ചെയ്യാമായിരുന്നു (കെജെവി നോക്കുക). "മാനസാന്തരം" എന്നതിന്റെ ഗ്രീക്ക് വാക്ക് "മനസിന്റെ മാറ്റം" എന്നു തർജിമ ചെയ്യാമായിരുന്നു എന്നു നാം കണ്ടുകഴിഞ്ഞു. വാക്യം 29 എൻഐവിയിൽ വായിക്കുന്നത് ഇങ്ങനെയാണ്: "'ഞാൻ പോകുകയില്ല' എന്ന് [ഒന്നാമത്തെ മകൻ] മറുപടി പറഞ്ഞു, എന്നാൽ പിന്നെ അവൻ *മനസ് മാറ്റി,* പോയി" (എംഫസിസ് മൈൻ.) ആളുകൾ മാനസാന്തരപ്പെടുമ്പോൾ, പാപത്തെ സംബന്ധിച്ച് അവരുടെ മനസ് മാറ്റുന്നു. അവർ ആദ്യം ദൈവത്തോട് "ഇല്ല" എന്നു പറയുമെങ്കിലും, പിന്നെ അവർ അവന്റെ ഇഷ്ടം ചെയ്യുവാൻ തുടങ്ങും. രണ്ടു പുത്രന്മാരുടെ ഉപമ ലളിതമാണെങ്കിലും, ഒരു വലിയ സത്യത്തിന്റെ ചിത്രീകരണമാണ് അത്.

വാസ്തവത്തിലുള്ള പുത്രത്വത്തിൽ അടങ്ങിയിരിക്കുന്നതെന്താണെന്നു കാണിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമായിരിക്കാം ആ ഉപമ നൽകുന്നത്: ("ഞാൻ പോകാം അപ്പാ" എന്നു പറയുന്ന) അധര–സേവ മാത്രം പോരാ–പിതാവ് നമ്മോട് ചെയ്യുവാൻ പറഞ്ഞിരിക്കുന്നതു ചെയ്യുകയും വേണം (മത്തായി 7:21; ലൂക്കൊസ് 6:46). തന്റെ കൊയ്ത്തിന് ആളുകളെ ഇപ്പോഴും വിളിക്കുന്നുണ്ട് (മത്തായി 9:36). നമുക്ക് വീട്ടിന് പുറത്തിറങ്ങുവാനും തോട്ടത്തിലേക്ക് പോകുവാനും മാനസാന്തരം ആവശ്യമെങ്കിൽ, നമുക്ക് മാനസാന്തരപ്പെടാം.

## ഉത്തരവാദിത്വത്തെ കുറിച്ചുള്ള ഒരു പാഠം
## (മത്താ. 21:33-46; മർക്കൊ. 12:1-12; ലൂക്കൊ. 20:9-19)

മതാദ്ധ്യക്ഷന്മാർ എങ്ങനെ അവരുടെ സ്ഥാനങ്ങൾ സ്വന്ത–താല്പര്യത്തിനും സ്വന്ത–മഹത്വത്തിനും വേണ്ടി ഉപയോഗിക്കുന്നു എന്നു കാണിക്കുന്ന ഒരു ഉപമയാണ് യേശു അടുത്തതായി പറഞ്ഞത്. അവനെ കൊല്ലുവാനുള്ള അവരുടെ പൈശാചികമായ ഉദ്ദേശത്തെയും ആ ഉപമയിൽ അവൻ വെളിപ്പെടുത്തി.

### ചോദ്യം

"അനന്തരം അവൻ ജനത്തോട്[17] ഉപമ പറയുവാൻ തുടങ്ങി" (ലൂക്കൊസ് 20:9): "ഗൃഹസ്ഥനായോരു മനുഷ്യൻ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി, അതിന്നു വേലികെട്ടി, അതിൽ ചക്ക് കുഴിച്ചിട്ടു ഗോപുരവും പണിതു" (മത്തായി 21:33). ഉപമ ആ കാലത്തെ പതിവ് വെളിപ്പെടുത്തുന്നതാണ്: ഒരു മതിൽ (അല്ലെങ്കിൽ ഗോപുരം) തോട്ടത്തിന്റെ സുരക്ഷക്കായി പണിതു. "ചക്ക്," രണ്ട് ടൂബിന്റെ–ആകൃതിയിൽ വ്യത്യസ്ത ലെവലിൽ പാറയിൽ കുഴിച്ച കുഴിയോടുകൂടിയതാണ്. താഴെയുള്ള കുഴിയിലേക്കാണ് ദ്രാവകം ഒഴുകിയെത്തുന്നത്. മുന്തിരി ഇട്ട് ചവിട്ടുന്നത് മുകളിലത്തെ കുഴിയിലാണ്. മുന്തിരിച്ചാർ മുക്കിയെടുക്കുന്നത് താഴത്തെ കുഴിയിൽനിന്നാണ്. മുകളിലുള്ള ഗോപുരം മുന്തിരിത്തോട്ടത്തെ കള്ളന്മാരിൽനിന്നു സംരക്ഷിക്കുന്നതിനുള്ള കാവൽക്കാർക്കുള്ളതാണ്. ഈ വിശദാംശങ്ങൾക്ക് "കാര്യമായ അർത്ഥമൊന്നുമില്ല"; അവ "ഗുണപാഠ കഥകൾ മാത്രമാണ്."[18]

"ഗൃഹസ്ഥൻ [തോട്ടം] പാട്ടത്തിന് കുടിയാന്മാരെ ഏല്പിച്ചിട്ട് പരദേശത്ത് പോയി" (മത്തായി 21:33). തോട്ടത്തിൽ കൃഷി ചെയ്തവരെ ഉടമസ്ഥന്റെ അഭാവത്തിൽ നോട്ടത്തിന് ഏല്പിക്കുന്നതു അസാധാരണയായിരുന്നില്ല. ഈ ഉടമസ്ഥൻ വിളവെടുപ്പിൽ പങ്ക് കൊടുക്കാമെന്ന കരാറായിരുന്നു പാട്ടക്കാരനുമായുണ്ടാക്കിയിരുന്നത്. ഉൽപാദനത്തിന്റെ ഒരു നിശ്ചിത പങ്ക് പാട്ടക്കാരനു കൊടുക്കാമെന്ന് ഉടമസ്ഥൻ സമ്മതിച്ചുകാണും (മർക്കൊസ് 12:2). ദേശത്തിലെ അദ്ധ്യക്ഷന്മാരെയാണ് പാട്ടക്കാർ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. പൂർവ്വസ്വത്ത് എങ്ങനെ നോക്കി നടത്തണമെന്നതിന് (അല്ലെങ്കിൽ ദുർവിനിയോഗം ചെയ്യുന്നതിന്) ഉത്തരവാദിത്വമുള്ളവരായിരുന്നു അവർ. ലൂക്കൊസ് പറഞ്ഞതനുസരിച്ച്, ആ "ഗൃഹസ്ഥൻ *ഏറിയ കാലത്തേക്ക്* പരദേശത്ത് പോയി" എന്നാണ് (ലൂക്കൊസ് 20:9; എംഫസിസ് മൈൻ). അനേക നൂറ്റാണ്ടുകളോളം, നിയമിക്കപ്പെട്ട അദ്ധ്യക്ഷന്മാരായിരുന്നു ദൈവത്തിന്റെ തോട്ടമായിരുന്ന യിസ്രായേലിന്റെ[19] ഉത്തരവാദികൾ.

"ഫലകാലം സമീപിച്ചപ്പോൾ"(മത്തായി 21:34), ഗൃഹസ്ഥൻ ...

> ... കാലം ആയപ്പോൾ കുടിയാന്മാരോട്–തോട്ടത്തിന്റെ അനുഭവം വാങ്ങേണ്ടതിന്ന് അവൻ ഒരു ദാസനെ കുടിയാന്മാരുടെ അടുക്കൽ പറഞ്ഞയച്ചു, അവർ അവനെ പിടിച്ചു തല്ലി, വെറുതെ–അയച്ചുകളഞ്ഞു. പിന്നെ മറ്റൊരു ദാസനെ അവരുടെ അടുക്കൽ പറഞ്ഞയച്ചു. അവനെ അവർ തലയിൽ[20] മുറിവേല്പിക്കുയും അവമാനിക്കയും ചെയ്തു. അവൻ മറ്റൊരുവനെ പറഞ്ഞയച്ചു. അവനെ അവർ കൊന്നു; മറ്റു പലരേയും ചിലരെ അടിക്കയും ചിലരെ കൊല്ലുകയും ചെയ്തു (മർക്കൊസ് 12:2–5).

കുടിയാന്മാർ ദാസന്മാരോട് ചെയ്തത് ദൈവത്തിന്റെ പ്രവാചകന്മാരോട് മോശ മായി പെരുമാറിയതിനെയാണ് സൂചിപ്പിക്കുന്നത്. അവരെ യെഹൂദദേശം പൊതുവിലും, പ്രത്യേകിച്ച് യെഹൂദപ്രമാണിമാരും ഉപദ്രവിക്കുകയായിരു ന്നു (നെഹമ്യാവ് 9:26; യിരെമ്യാവ് 7:25, 26; മത്തായി 23:34; പ്രവൃത്തികൾ 7:52; എബ്രായർ 11:36–38).

അങ്കലാപ്പിലായ ഉടമസ്ഥൻ പറഞ്ഞു, "ഞാൻ എന്തു ചെയ്യേണ്ടു?" (ലൂക്കൊസ് 20:13). "അവന് ഒരാളെക്കൂടെ അയക്കുവാനായിട്ടുണ്ട്, പ്രിയ പുത്രനെ" (മർക്കൊസ് 12:6). തീർച്ചയായും അവർ തന്റെ മകനെ ബഹുമാ നിക്കും (മർക്കൊസ് 12:6); അവർ അങ്ങനെ കരുതാതിരിക്കുമെന്നതു ചിന്തി ക്കുവാൻ പോലും കഴിയാത്തതാണ്. അതുകൊണ്ട് അവൻ ഏറ്റവും ഒടു വിൽ പുത്രനെ അവരുടെ അടുക്കൽ അയച്ചു" (മർക്കൊസ് 12:6). "പ്രിയ പുത്രൻ" എന്ന ഈ കഥയിലെ പദപ്രയോഗം ആ വ്യക്തി ആരാണെന്ന് വ്യക്തമാക്കുന്നതാണ്; പുത്രൻ യേശു തന്നെയാണ് (മത്തായി 17:5; ലൂക്കൊസ് 3:22).

"മകനെ കണ്ടിട്ടു കുടിയാന്മാർ, 'ഇവൻ അവകാശി, വരുവിൻ, നാം അവനെ കൊന്ന്, അവന്റെ അവകാശം കൈവശം ആക്കുക എന്ന് തമ്മിൽ പറഞ്ഞു'" (മത്തായി 21:38). ആ ധിക്കാരപൂർവ്വമായ സമീപനം അസാധാര ണമായതുകൊണ്ട് നമ്മെ ഞെട്ടിക്കുന്നതാണ്; പക്ഷെ ചില പണ്ഡിതന്മാർ പറയുന്നതനുസരിച്ച്, "യെഹൂദനിയമമനുസരിച്ച്, അവകാശിയില്ലാത്ത ഒരു വസ്തു ഉടമസ്ഥനില്ലാത്തതായുണ്ടെങ്കിൽ, അതു ആർക്കും കൈവശപ്പെടു ത്താം."[21] കുടിയാന്മാർ വളരെ കാലമായി തോട്ടം അനുഭവിച്ചു വരികയാ ണ്, ഇപ്പോൾ തോട്ടം നമ്മുടേതായി മാറിക്കഴിഞ്ഞിരിക്കുന്നു എന്നാണ് അവർ വിചാരിച്ചത്. അതുപോലെ, യെഹൂദമതാധികാരികൾ വിചാരിച്ചത് യിസ്രാ യേൽ ദേശം അവരുടെ പ്രത്യേകസ്വത്താണ് എന്നത്രേ.

ഉപമയിൽ, കുടിയാന്മാർ കുലപാതകത്തിനുള്ള പദ്ധതി തയ്യാറാക്കി: "അവർ [പുത്രനെ], പിടിച്ചു തോട്ടത്തിനു പുറത്തുകൊണ്ടുപോയി കൊന്നുകളഞ്ഞു" (മത്തായി 21:39). കുറച്ചു ദിവസങ്ങൾക്കുള്ളിൽ യേശുവിനെ യെരുശലേമിനു പുറത്തുകൊണ്ടുപോയി ക്രൂശിക്കുവാനിരിക്കുന്നു (എബ്രായർ 13:12).

യേശു മറ്റൊരു ചോദ്യം ചോദിക്കുവാൻ തയ്യാറായി. അവന്റെ ശ്രോതാ ക്കളോട് അവൻ ചോദിച്ചു, "ആകയാൽ തോട്ടത്തിന്റെ ഉടമസ്ഥൻ വന്ന് ആ കുടിയാ–ന്മാരോട് എന്തു ചെയ്യും?" (മത്തായി 21:40).

**ഉത്തരം**

ഇതാ ഉത്തരം പറയുവാൻ മറ്റൊരു എളുപ്പമുള്ള ചോദ്യം.[22] അവർ മറു പടി പറഞ്ഞു, "അവൻ ആ വല്ലാത്തവരെ വല്ലാതെ നിഗ്രഹിച്ച് തോട്ടം വേറെ കുടിയാ–ന്മാർക്ക് ഏല്പിക്കും" (മത്തായി 21:41).

അവരുടെ പ്രതികരണത്തിൽ അന്തർലീനമായി കിടന്ന തടയുന്ന ഒരു സത്യം ക്രിസ്തു പറയുകയുണ്ടായി: "അതുകൊണ്ടു ദൈവരാജ്യം നിങ്ങ ളുടെ പക്കൽനിന്ന് എടുത്ത് അതിന്റെ ഫലം[23] കൊടുക്കുന്ന ജാതിക്ക് കൊടുക്കും" (മത്തായി 21:43). വാക്യം 41 ലെ "വേറെ കുടിയാന്മാരും" വാക്യം 43ലെ "ആളുകളും" സൂചിപ്പിക്കുന്നത് "ജാതികളെ" ആണ്. യെഹൂദന്മാർ സുവിശേഷം തള്ളിക്കളയുമ്പോൾ ദൈവത്തിന്റെ സന്ദേശവാഹകർ ജാതി കളിലേക്ക് തിരിയും (പ്രവൃത്തികൾ 13:46; 18:6 നോക്കുക). ക്രിസ്തുവിന്റെ

ശ്രോതാക്കൾക്ക് അവന്റെ വാക്കുകൾ പൂർണ്ണമായും മനസിലായില്ല, എന്നാൽ ദേശത്തിനു ഭാവിയിൽ അപകടം വരുവാനിരിക്കുന്നു എന്ന് അവർ മനസിലാക്കി. അതുകൊണ്ട് അവർ നിലവിളിച്ചു പറഞ്ഞു, "അങ്ങനെ സംഭവിക്കയില്ല!" (ലൂക്കൊസ് 20:16).[24]

ഖേദമെന്നു പറയട്ടെ, അത് *ആയിരിക്കും* – ദൈവത്തിന്റെ "കുടിയാന്മാർ" (യെഹൂദാദ്ധ്യക്ഷന്മാർ) അവന്റെ പുത്രനെ കൊല്ലുവാൻ തീരുമാനിച്ചത്. അതു സംഭവിക്കുമെന്നതിന്റെ തെളിവായി, ക്രിസ്തു മശിഹാ സങ്കീർത്തനമായി പരിചയമുള്ള, സങ്കീർത്തനങ്ങൾ 118 ഉദ്ധരിച്ചു: "നിങ്ങൾ ഒരിക്കലും ഇങ്ങനെ വായിച്ചിട്ടില്ലയോ, 'വീട് പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു?'" (മത്തായി 21:42). യെഹൂദ ഉപദേഷ്ടാക്കന്മാർക്കും അദ്ധ്യക്ഷന്മാർക്കും മശിഹ ഒരു രാജകീയ സൈന്യാധിപനായിരിക്കും എന്ന ഒരു മുൻവിധി ഉണ്ടായിരുന്നു. യേശു വന്നപ്പോൾ, അവൻ അവരുടെ സങ്കൽപ്പത്തിലുള്ള "ശരിയായ ഒരു മശിഹയായി" അവനെ കാണുവാൻ അവർക്ക് കഴിയാഞ്ഞതുകൊണ്ട് അവർ അവനെ തള്ളിക്കളഞ്ഞു. തലയിൽ–ഒന്നുമില്ലാതിരുന്ന നിർമ്മാതാക്കൾ (ദൈവരാജ്യത്തിന്റെ) ശേഷം ഘടന പണിയേണ്ട മൂലക്കല്ല് മാറ്റിക്കളഞ്ഞതിനെയാണ് ചിത്രീകരണം സൂചിപ്പിക്കുന്നത്.[25]

"മൂലക്കല്ല്" തള്ളിക്കളഞ്ഞവർക്ക് എന്തു സംഭവിക്കും? ക്രിസ്തു പറഞ്ഞു, "ഈ കല്ലിന്മേൽ വീഴുന്നവൻ തകർന്നു പോകും; ആരുടെമേലെങ്കിലും വീണാൽ അവനെ ധൂളിപ്പിക്കും" (മത്തായി 21:44). "കല്ലിന്മേൽ വന്നു വീഴുന്ന മൺപാത്രം പോലെ, മറിഞ്ഞു വീഴുന്ന കല്ല് ഒരാളുടെ മേൽ വീണാൽ അയാൾ തകർന്നുപോകുന്നതുപോലെ, യേശുവിനെ തള്ളിക്ക[ളഞ്ഞ]വർ നാമാവശേഷ [മാകും]."[26]

യേശുവിന്റെ സ്നേഹിതന്മാർക്ക് എല്ലായ്പ്പോഴും അവന്റെ ഉപമകൾ മനസിലായിരുന്നില്ല (ലൂക്കൊസ് 8:9); എന്നാൽ, ഈ അവസരത്തിൽ, അവന്റെ ശത്രുക്കൾക്ക് പോലും പ്രായോഗികത വരുത്തുന്നതിൽ പ്രയാസം നേരിട്ടില്ല:"അവന്റെ ഉപമകളെ മഹാപുരോഹിതന്മാരും പരീശന്മാരും കേട്ടിട്ടു, തങ്ങളെക്കൊണ്ടു പറയുന്നു എന്ന് അറിഞ്ഞു" (മത്തായി 21:45). മുഴുവനും ഒരുപക്ഷെ വിശദമായി അവർ മനസിലാക്കിയിരിക്കയില്ല, എങ്കിലും, ചുരുങ്ങിയത് ആ സംഭവങ്ങൾ അവരെ കുറിച്ചാണെന്നും അതു പ്രശംസിക്കത്തക്കതല്ലെന്നും അവർ മനസിലാക്കി. അവരുടെ വെറുപ്പു വർദ്ധിക്കുകയും, അവർ "ആ നാഴികയിൽ തന്നെ അവന്റെ[യേശു]മേൽ കൈവെപ്പാൻ നോക്കി" (ലൂക്കൊസ് 20:19). എങ്ങനെയായാലും, ഒരിക്കൽകൂടെ, കാരണം "പുരുഷാരം[27] അവനെ ഒരു പ്രവാചകൻ എന്ന് എണ്ണുകകൊണ്ട്" അവർ ഭയപ്പെട്ടു (മത്തായി 21:46).

### അഭിനന്ദനത്തെ കുറിച്ചും ഒരുക്കത്തെ കുറിച്ചും ഉള്ള പാഠങ്ങൾ (മത്താ. 22:1-14)

പിന്നെ യേശു തന്റെ മൂന്നാമത്തെ ഉപമ പറഞ്ഞു: രാജാവിന്റെ മകന്റെ കല്ല്യാണവിരുന്നിന്റെ ഉപമ. പല ആഴ്ച്ചകൾക്ക് മുൻപ് ക്രിസ്തു പറഞ്ഞ വലിയ അത്താഴത്തിന്റെ ഉപമയോട് സാമ്യമുള്ളതാണ് ഈ ഉപമ (ലൂക്കൊസ് 14:16–24), എന്നാൽ ചില വ്യത്യാസങ്ങളുണ്ട്. രാജ്യത്തിന്റെ ഭാഗമാകുവാനുള്ള ദൈവത്തിന്റെ ക്ഷണത്തെ തള്ളിക്കളയുന്നതിന്റെ മൗഢ്യം ബോധ്യപ്പെടു

ത്തുന്നതായിരുന്നു കഴിഞ്ഞ ഉപമ.[28] ഈ ഉപമയുടെ പ്രാഥമികമായ ഉദ്ദേശം യെഹൂദാധികാരികളുടെ ദുഷ്ടതയേയും അവരുടെ പ്രവൃത്തികളുടെ അനന്തരഫലത്തെയും എടുത്തുകാണിക്കുന്നതിനായിരുന്നു. ഈ ഉപമയിൽ ഇരട്ട ഉപമകളുണ്ടെന്നതാണ് ഇതിന്റെ പ്രത്യേകത. ഇതിന്റെ ആദ്യഭാഗം യേശുവിന്റെ ശത്രുക്കൾക്കുള്ളതായിരുന്നു, എന്നാൽ രണ്ടാം ഭാഗം ക്രിസ്തുവിന്റെ അനുയായികൾക്കുള്ള പാഠമാണ്.

**അഭിനന്ദനത്തെ കുറിച്ചുള്ള പാഠം**

ഉപമയുടെ ആദ്യപകുതിയിൽ, "ഒരു രാജാവ് തന്റെ മകനുവേണ്ടി ഒരു കല്ല്യാണസദ്യ ഒരുക്കി" (മത്തായി 22:2). രാജാവ് ദൈവവും മകൻ യേശുവും കല്ല്യാണവിരുന്ന് മശിഹാരാജ്യത്തിലെ സമൃദ്ധമായ അനുഗ്രഹങ്ങളുമായാണ് പ്രതിനിധീകരിക്കുന്നത്.[29] സദ്യ ഒരുക്കിത്തീർന്നപ്പോൾ, രാജാവ് തന്റെ ദാസന്മാരെ വരേണ്ടവരെ ക്ഷണിക്കുവാൻ അയച്ചു (വാ. 3, 4). ക്ഷണിക്കപ്പെട്ടവരെ പ്രതിനിധീകരിക്കുന്നവരായിരുന്നു പൊതുവായി "മതപരമായ" യെഹൂദന്മാരും, പ്രത്യേകിച്ച് യെഹൂദപ്രമാണിമാരും. അതിഥികളിൽ ചിലർ ക്ഷണത്തെ അവഗണിച്ചു, എന്നാൽ വേറെ ചിലർ ദാസന്മാരോട് മോശമായി പെരുമാറുകയും അവരെ കൊല്ലുകയും ചെയ്തു (വാ. 3, 5, 6). ദൈവത്തിന്റെ സന്ദേശവാഹകരായിരുന്ന, പ്രവാചകന്മാരോട്, ഉപമയിലെ ദുഷ്ട കുടിയാന്മാർ ചെയ്തതുപോലെയാണ് യെഹൂദമതാദ്ധ്യക്ഷന്മാർ ചെയ്തത്.

പ്രതികരണത്തിൽ "രാജാവ് ക്ഷുഭിതനായി" "ആ കുലപാതകന്മാരെ മുടിച്ചു. അവരുടെ പട്ടണം ചുട്ടുകളഞ്ഞു" (വാ. 7). ആ വാക്കുകളിൽ, യേശു ഏ.ഡി. 70ൽ യെരുശലേമിന്റെ നാശത്തെയാണ് മുന്നറിയിച്ചതെന്ന്, വ്യാഖ്യാതാക്കളെല്ലാം സമ്മതിക്കുന്നുണ്ട്.[30] ആ വിഷയം രണ്ട് അദ്ധ്യായങ്ങൾക്ക് ശേഷം മത്തായി 24ൽ വിപുലമാക്കുന്നുണ്ട്. പണ്ഡിതന്മാർ പറഞ്ഞതു ശരിയാണെന്ന് വിചാരിച്ച് നോക്കുമ്പോൾ, "എന്റെ പട്ടണം" അല്ലെങ്കിൽ "നമ്മുടെ പട്ടണം" എന്നതിനു പകരം "അവരുടെ പട്ടണം" എന്നാണ് ക്രിസ്തു സൂചിപ്പിച്ചത് എന്നു കാണാം. യെഹൂദന്മാർ, ഒരു ദേശമായി, യേശുവിനെ ത്യജിച്ചപ്പോൾ (യോഹന്നാൻ 1:11), അവർ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം അല്ലാതായി (റോമർ 2:28, 29; 10:12; ഗലാത്യർ 3:28; വെളിപ്പാട് 2:9; 3:9), യെരുശലേം "ദൈവത്തിന്റെ നഗരവു" മല്ലാതായി.

പിന്നെ രാജാവ് തന്റെ ദാസന്മാരോട് വഴിത്തലെക്കൽ ചെന്നു കാണുന്നവരെ ഒക്കെ കല്ല്യാണ വിരുന്നിനു വിളിപ്പിൻ എന്നു പറഞ്ഞു (മത്തായി 22:8, 9). "ആ ദാസന്മാർ പെരുവഴിയിൽ കണ്ട ദുഷ്ടന്മാരെയും നല്ലവരെയും പോയി കല്ല്യാണസദ്യക്ക് കൊണ്ടുവന്നു" (വാ. 10). "ദുഷ്ടന്മാരുടെയും നല്ലവരുടേയും" കൂട്ടത്തിൽ "ചുങ്കക്കാരും പാപികളും" ഉൾപ്പെടും (മത്തായി 9:11), അവർ "സന്തോഷത്തോടെ അവനെ കേട്ടുവന്നു" (മർക്കൊസ് 12:37; കെജെവി), ഒരുപക്ഷെ ജാതികളും ഉൾപ്പെട്ടിരിക്കാം (മത്തായി 21:43). യെഹൂദമതാദ്ധ്യക്ഷന്മാർ അവനെ തള്ളിക്കളഞ്ഞതുകൊണ്ട് അവരും തള്ളപ്പെടുമെന്ന് യേശു ചൂണ്ടിക്കാട്ടി, എന്നാൽ "സാധാരണ ആളുകൾ" അവനെ കൈക്കൊണ്ടതുകൊണ്ട് അവർ സ്വീകരിക്കപ്പെടുകയും ചെയ്യും.

**ഒരുക്കത്തിനുള്ള ഒരു പാഠം**

ഉപമയുടെ രണ്ടാം ഭാഗത്ത്, രാജാവ് വിരുന്നുശാലയിലേക്ക് വന്നപ്പോൾ,

ശരിയായ വസ്ത്രം ധരിക്കാത്ത ഒരാളെ കണ്ടു (വാ. 11). ആ മനുഷ്യനെ ചോദ്യം ചെയ്യുകയും അവനെ പുറത്താക്കുകയും ചെയ്തു (വാ. 12, 13). പലരേയും വിഷമിപ്പിക്കുന്നതാണ് ഉപമയുടെ ഈ ഭാഗം. "നല്ല വസ്ത്രമില്ല എന്ന കാരണത്താൽ മാത്രം" അവനെ വിരുന്നുശാലക്ക് പുറത്താക്കിയത് ശരിയായില്ല എന്ന് ചിലർ പറഞ്ഞേക്കാം. മത്തായി 22:11–14 നെക്കുറിച്ചുള്ള എഫ്. എഫ്. ബ്രൂസിന്റെ *ഹാർഡ് സേയിങ്ങ്സ് ഓഫ് ജീസസ്*[31] എന്ന പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. ബ്രൂസ് പറഞ്ഞത്, എല്ലാ സാഹചര്യങ്ങളും നമുക്ക് അറിയില്ല, എന്നാൽ "ശരിയല്ലാത്ത വസ്ത്രം ധരിച്ചു വന്നയാൾക്ക് ശരിയായ വസ്ത്രം ധരിച്ച് വരുവാൻ കഴിയുമായിരുന്നു എന്നതാണ് സൂചന. അവൻ കണ്ടുപിടിക്ക [പ്പെട്ടപ്പോൾ], അവനു ഒഴികഴിവില്ലായിരുന്നു, അവനു ഉത്തരം മുട്ടിപ്പോയിരുന്നു."[32]

യേശുവിന്റെ എല്ലാ ശ്രോതാക്കൾക്കുമുള്ള പാഠം – അന്നും ഇന്നും – എന്തെന്നാൽ ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നത് അവന്റെ ഹിതപ്രകാരമാണ്, അല്ലാതെ നമ്മുടെ ഇഷ്ടക്കനുസരിച്ചല്ല. "വിളിക്കപ്പെടുന്നവർ അനേകർ, തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം" എന്നു പറഞ്ഞുകൊണ്ടാണ് യേശു അവസാനിപ്പിച്ചത് (വാ. 14). വിരുന്നിനു ക്ഷണിക്കുന്നതും, വിരുന്ന് ആസ്വദിക്കുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ദൈവേഷ്ടം ചെയ്തുകൊണ്ടു വേണം നാം വിരുന്നിന് ഒരുങ്ങുവാൻ (എബ്രായർ 5:9; 2 തിമൊഥെയൊസ് 2:21).

### കടമകളെ കുറിച്ചുള്ള ഒരു പാഠം
### (മത്താ. 22:15-22; മർക്കൊ. 12:13-17;
### ലൂക്കൊ. 20:20-26)

യേശുവിന്റെ മൂന്ന് ഉപമകളും പ്രമാണിമാരെ കുറ്റപ്പെടുത്തുന്നതായതുകൊണ്ട് അവനെ വകവരുത്തുവാൻ അവർ മുമ്പത്തേക്കാളധികം ശ്രമിക്കുവാൻ തുടങ്ങി. ഇനി ആ ഏറ്റുമുട്ടലിന്റെ മറ്റൊരു ഭാഗത്തേക്ക് നാം കടക്കുകയാണ്, അവന്റെ ശത്രുക്കൾ നിരവധി ചോദ്യങ്ങൾ അവന്റെ നേർക്ക് തൊടുത്തുവിട്ടു – അവനെ കുടുക്കുവാനുള്ള ചോദ്യങ്ങളായിരുന്നു.

**ചോദ്യം**

അവൻ പറഞ്ഞതിൽനിന്ന് "അവനെ എങ്ങനെയെങ്കിലും കുടുക്കാമോ എന്ന് കൂടിയാലോചിച്ച്"... ആദ്യത്തെ ചോദ്യം ചോദിച്ചതു പരീശന്മാരായിരുന്നു" (മത്തായി 22:15; മർക്കൊസ് 12:13). ലൂക്കൊസിന്റെ വിവരമനുസരിച്ച്, "അവർ അവനെ നാടുവാഴിയുടെ അധീനതയിലും അധികാരത്തിലും ഏല്പിപ്പാന്തക്കവണ്ണം അവനെ വാക്കിൽ പിടിക്കേണ്ടതിന് തക്കം നോക്കി നീതിമാന്മാർ എന്നു നടിക്കുന്ന ഒറ്റുകാരെ അയച്ചു" (ലൂക്കൊസ് 20:20).[33]

അവരുടെ പദ്ധതിയുടെ ഭാഗമായി, പരീശന്മാർ തങ്ങളുടെ "ശിഷ്യന്മാരെ അവന്റെ അടുക്കൽ അയച്ചു" (മത്തായി 22:16). ആ "ശിഷ്യന്മാർ" അവരുടെ "മികവുറ്റ വിദ്യാർത്ഥികളുടെ[34] കൂട്ടത്തിൽ" ഉള്ളവരായിരിക്കും, ആ യുവാക്കൾക്ക്,[35] അവരുടെ ഉപദേഷ്ടാക്കന്മാർ ആവശ്യമായ പരിശീലനം കോടുത്തായിരിക്കും അയക്കുക.

ഏതാണ്ട് അതിശയിപ്പിക്കുന്നതാണ് വേദഭാഗത്തിലെ അടുത്ത വാക്കുകൾ: "ഹെരോദ്യരോടുകൂടെ" (മത്തായി 22:16). ഭരിക്കുവാനുള്ള അവകാശം, തങ്ങൾക്കുണ്ടെന്ന് വാദിച്ചിരുന്ന ഹെരോദ്യരെ, പരീശന്മാർ വെറുത്തിരുന്നു –

അതുകൊണ്ട് അവർ ഹെരോദ്യരുടെ ശക്തിയുടെ ഉറവിടമായ റോമാക്കാരെ പിന്താങ്ങിയിരുന്നു.[36] എങ്ങനെയായാലും, പരീശന്മാർ യേശുവിനെ അതിനേക്കാൾ വെറുത്തിരുന്നു. ക്രിസ്തുവിനെ കൊല്ലുവാനാണെങ്കിൽ, അവർ *ആരുമായും* കൂട്ടുകൂടുമായിരുന്നു.[37] ഈ സംഭവത്തിൽ പരീശന്മാരും ഹെരോദ്യരും കൂട്ട്ചേരുന്നത് ഈ പാഠത്തിന്റെ അവസാനം നമുക്ക് കൂടുതൽ വ്യക്തമാകും.

ആ യുവാക്കളുടെ പ്രതിനിധിസംഘം യേശുവിന്റെ അടുക്കൽ എത്തിയപ്പോൾ, കിസ്തു താഴ്ത്തപ്പെടുമെന്ന് കരുതി, മുഖസ്തുതിയോടെ[38] ആരംഭിച്ചു: "ഗുരോ, നീ സത്യവാനും, ദൈവത്തിന്റെ വഴി നന്നായി പഠിപ്പിക്കുന്നവനും; മനുഷ്യരുടെ മുഖം നോക്കാത്തവൻ ആകയാൽ ആരെയും ശങ്കയില്ലാത്തവനും ആകുന്നു എന്നു ഞങ്ങൾ അറിയുന്നു" (മത്തായി 22:16). പിന്നെ അവർ ചോദിച്ചു, "നിനക്ക് എന്തു തോന്നുന്നു?" (മത്തായി 22:17), ക്രിസ്തുവിന്റെ മുമ്പിലത്തെ ശബ്ദത്തെ പ്രതിധ്വനിപ്പിച്ചുകൊണ്ടായിരുന്നു അത് (മത്തായി 21:28). അവൻ നിർബ്ബന്ധമായും ഉത്തരം പറയുവാനുള്ള പ്രകടനമായിരുന്നു ഓരോന്നും.

അവർ അവരുടെ കുരുക്ക് മുറുക്കുവാൻ തയ്യാറായിരുന്നു. അവർ ചോദിച്ചു, "കൈസർക്ക്[39] കരം–കൊടുക്കുന്നത് വിഹിതമോ?" (മത്തായി 22:17), തങ്ങളുടെ കീഴ്പ്പെടലിന്റെ അടയാളമായി ഓരോ വർഷവും യെഹൂദന്മാർ റോമാക്കാർക്ക് നല്ലൊരു സംഖ്യ കൊടുക്കേണ്ടിയിരുന്നു. തങ്ങളിൽ അടിച്ചേൽപ്പിക്കുന്ന എല്ലാ വിദേശ–നികുതിയെയും യെഹൂദന്മാർ വെറുത്തിരുന്നു.[40] എന്നാൽ കരം–കൊടുക്കുന്നതിനോട് അവർക്ക് പ്രത്യേക വെറുപ്പായിരുന്നു. പഴയ ഒരു വാക്കായ "ഹെഡ്" എന്നതിൽ നിന്നാണ് ഇംഗ്ലീഷിലെ "പോൾ" എന്ന വാക്ക് വരുന്നത്. അതു ഒരു തലക്കരം ആയിരുന്നു – അതായത് ഒരു പ്രദേശത്ത് എത്ര ആളുകളുണ്ട് എന്നതിനനുസരിച്ച് ചുമത്തുന്നതായിരുന്നു അത്.[41] ആ കരമായി ആവശ്യപ്പെടുന്നത്, "14–65 വയസ് പ്രായമുള്ള പ്രായപൂർത്തിയായ ഓരോരുത്തരും ഓരോ ദിനാർ" വെച്ച് നൽകേണ്ടിയിരുന്നു.[42]

മുൻപ്, ന്യായാധിപസഭയിലെ അംഗങ്ങളോട് ഒരു ചോദ്യം ചോദിച്ചപ്പോൾ അവർക്ക് ഉത്തരം മുട്ടിപ്പോയിരുന്നു. അതേ സമീപനം ഉപയോഗിക്കുവാൻ പരീശന്മാർ തീരുമാനിച്ചു. എങ്ങനെയായാലും, ക്രിസ്തു കരംകൊടുക്കുന്നതിനെ സംബന്ധിച്ച ചോദ്യത്തിനു ഉത്തരം പറഞ്ഞാൽ, അവൻ കുഴപ്പത്തിലാകും എന്നാണ് അവർ വിചാരിച്ചത്. "അതെ, നികുതി കൊടുത്തുകൊൾക" എന്നു പറയുമെന്നും അങ്ങനെ അവൻ അവരുടെ റോമൻ എതിരാളികളെ പിന്തുണക്കുന്നവനാണ് എന്ന് അവനെ കുറ്റപ്പെടുത്താമെന്നുമാണ്. "കൊടുക്കേണ്ട" എന്ന ഉത്തരമാണ് അവൻ പറയുന്നതെങ്കിൽ, പരീശന്മാരോടൊപ്പം വന്ന ഹെരോദ്യരോട് അവൻ റോമാ നാടുവാഴിയുടെ വിധ്വംസകനാണെന്ന് കുറ്റപ്പെടുത്താം എന്നു കരുതി.[43] ഒരുത്തരം അവനെ ആളുകൾക്കെതിരാക്കി തീർക്കും; മറ്റൊന്ന് അവനെ ആഭ്യന്തര അധികാരികൾക്കെതിരാക്കും.

**ഉത്തരം**

ആ ചോദ്യം എന്നോടാണ് ചോദിച്ചിരുന്നതെങ്കിൽ, ന്യായാധിപസഭ പറഞ്ഞ "എനിക്ക് അറിയില്ല" എന്ന ഉത്തരം നൽകുമായിരുന്നു (മത്തായി 21:27 നോക്കുക). അങ്ങനെ തരം താഴ്ത്താവുന്ന വ്യക്തി ആയിരുന്നില്ല

യേശു. "അവരുടെ ദ്രോഹചിന്ത മനസിലാക്കിക്കൊണ്ട് അവൻ പറഞ്ഞു, 'കപടഭക്തിക്കാരേ, നിങ്ങൾ എന്നെ പരീക്ഷിക്കുന്നതെന്ത്?'" (മത്തായി 22:18). വിദഗ്ദ്ധാഭിപ്രായത്തിലുള്ള ഒരു പാഠം നൽകുവാനാണ് കർത്താവ് ആഗ്രഹിച്ചത്. അവൻ ആ യുവാക്കളോട് പറഞ്ഞു, "കര–ത്തിനുള്ള നാണയം കാണിപ്പിൻ" (മത്തായി 22:19). അവന്റെ പ്രതികരണത്തിൽ അവർ വിഷമിച്ചുകാണും, എങ്കിലും അവർ ഒരു ദിനാർ കണ്ടെത്തി[44] – കരം കൊടുക്കുന്നതിന് റോമാക്കാർ ഉപയോഗിച്ചിരുന്ന നാണയം – അവന്റെ അടുക്കൽ കൊണ്ടുവന്നു (മത്തായി 22:19).

ആ നാണയം വാങ്ങി അതിൽ ചൂണ്ടി അവൻ ചോദിച്ചു, "ഈ സ്വരൂപവും മേലെഴുത്തും ആരുടേത്?" (മത്തായി 22:20). അന്നു പ്രചാരത്തിലിരുന്ന പൊതുവായ റോമാ നാണയമായിരുന്നു ദിനാർ.[45] നാണയത്തിൽ ഒരു സ്വരൂപം കൊത്തിയിരുന്നു; തിബര്യാസ് ചക്രവർത്തിയുടെ ഛായാചിത്രം. ഒരു "മേലെഴുത്തും" ഉണ്ടായിരുന്നു.

### തിബര്യാസ്

വളരെ നീണ്ട പേരിന്റെ ചുരുക്കപ്പേരാണ് *തി (ബെരിയസ്) സീസർ, ഡിവി ആ (ഗസ്റ്റി) ഫി (ലിയസ്) അഗസ്റ്റസ്*, അർത്ഥം "തിബര്യാസ് കൈസർ അഗസ്റ്റസ്, സൺ ഓഫ് ദ ഡിവൈൻ അഗസ്റ്റസ്."[46] അതുകൊണ്ട് അവർ മറുപടി പറഞ്ഞു, "കൈസരുടേത്" (മത്തായി 22:21).

പിന്നെ, പലപ്പോഴും–ഉദ്ധരിച്ചിട്ടുള്ള യേശുവിന്റെ പ്രത്യേകമായ വാക്കുകൾ വന്നു: "... എന്നാൽ കൈസർക്കുള്ളത് കൈസർക്കും; ദൈവത്തിനുള്ളതു ദൈവത്തിനും കൊടുപ്പിൻ" (മത്തായി 22:21). കൈസരാണ് നാണയം ഇറക്കിയത്; അത് അവനുള്ളതാണ്.[47] ഫലത്തിൽ, ക്രിസ്തു പറഞ്ഞു, "ചക്രവർത്തിയുടെ വസ്തു മടക്കി കൊടുക്കുന്നതിൽ ഒരു തെറ്റുമില്ല." മറിച്ച്, ചില വസ്തുക്കൾ ദൈവത്തിൽനിന്നായിരുന്നു (ആണ്) ദൈവത്തിൽനിന്നുള്ള പ്രത്യേക വസ്തുക്കൾ – ഉദാഹരണത്തിന്, ആരാധ്യാവകാശം.[48] അതു ദൈവത്തിനു കൊടുക്കണം. അതുകൊണ്ട് ആഭ്യന്തര കടമകൾ നിറവേറ്റുവാൻ ക്രിസ്തു പറഞ്ഞു,[49] അതു ദൈവവുമായുള്ള ബന്ധത്തിൽ പൂർണ്ണമായും അസ്ഥിരപ്പെടുത്തരുത്. അവനോട് ചോദ്യവുമായി വന്നവർ രണ്ടു കടമകളും നിർവ്വഹിക്കേണ്ടതാണെന്ന് അവൻ സൂചിപ്പിച്ചു.

അങ്ങനെ ആ യുവ പണ്ഡിതന്മാർക്ക് "അവനെ ജനത്തിന്റെ മുമ്പിൽ വാക്കിൽ പിടിപ്പാൻ കഴിയാതെ അവന്റെ ഉത്തരത്തിൽ ആശ്ചര്യപ്പെട്ടു മിണ്ടാതിരുന്നു" (ലൂക്കൊസ് 20:26). അവർ വാസ്തവത്തിൽ "അവന്റെ ഉത്തരത്തിൽ ആശ്ചര്യപ്പെട്ടു" (ലൂക്കൊസ് 20:26; മത്തായി 22:22; നോക്കുക). പരീശന്മാർ ഒരുപക്ഷെ യേശുവിനെ വിലകെടുത്തുവാൻ ശ്രമിച്ചിരിക്കാം, ഇപ്പോൾ അവരുടെ ശിഷ്യന്മാർ അവന്റെ സൂക്ഷ്മബുദ്ധിയിലും ജ്ഞാനത്തിലും ആശ്ചര്യപ്പെട്ടു. മിണ്ടാതിരുന്നിട്ട് (ലൂക്കൊസ് 20:26), "അവർ അവനെ വിട്ടു പൊയ്ക്കളഞ്ഞു" (മത്തായി 22:22).

### ഉപസംഹാരം

"ചോദ്യങ്ങളുടെ വലിയ ദിവസം" എന്ന നമ്മുടെ പഠനം അടുത്ത പാഠത്തിലും തുടരും, എന്നാൽ ആ ഇരുപത്തി–നാലു മണിക്കൂറിന്റെ അവസാനം എന്തുകൊണ്ട് യേശുവിന് "എന്തൊരു ദിവസം!" എന്നു പറയുവാൻ

കഴിഞ്ഞു എന്ന് നാം കണ്ടതു നിങ്ങൾക്ക് മനസിലായി കാണുമല്ലൊ. എന്നാൽ അവന്റെ ശത്രുക്കൾക്ക് നെടുവീർപ്പോടുകൂടി "*എന്തൊ*രു ദിവസം," എന്നു പറയുവാനേ കഴിഞ്ഞുള്ളു. ആ പ്രത്യേക ദിവസം ക്രിസ്തു തന്റെ ശത്രുക്കളെ കൈകാര്യം ചെയ്തത് എങ്ങനെ എന്ന് വായിക്കുമ്പോൾ, പരീശന്മാരുടെ ശിഷ്യന്മാരെ പോലെ ഞാനും ആശ്ചര്യപ്പെട്ടിട്ടുണ്ട്.

നിങ്ങൾക്ക് ഏതു വിധത്തിലുള്ള ദിവസമായിരുന്നു ഉണ്ടായത് എന്ന് എനിക്ക് അറിയില്ല, എന്നാൽ "എന്തൊരു മോശമായ ദിവസം" എന്നു പറയുന്നതിനുപകരം, "*എന്തൊ*രു നല്ല ദിവസം!" എന്നു പറയുവാൻ നിങ്ങൾക്ക് കഴിയട്ടെ എന്നാശംസിക്കുന്നു. ദൈവം നമ്മോടുകൂടെ ഉണ്ടെന്നു നാം മനസിലാക്കുന്നേടത്തോളം, സങ്കീർത്തനക്കാരൻ പറയുന്നതുപോലെ നമുക്ക് പറയുവാൻ കഴിയും, "ഇതു യഹോവ ഉണ്ടാക്കിയ ദിവസം, ഇന്നു നാം സന്തോഷിച്ച് ആനന്ദിക്ക" (സങ്കീർത്തനങ്ങൾ 118:24).

## പ്രസംഗക്കുറിപ്പുകൾ

നിങ്ങൾക്ക് അനുപ്രാസം ഇഷ്ടമാണെങ്കിൽ, നിങ്ങൾക്ക് ഇംഗ്ലീഷിൽ "എ" എന്ന വാക്ക് ഉപയോഗിച്ച് ഈ പാഠത്തിന് പോയിന്റുകളുടെ ഒരു പരമ്പര തന്നെ ഉണ്ടാക്കാം: യേശു "അധികാരത്തെ കുറിച്ചും," "സമ്പാദിക്കുവാനുള്ള ത്വര," യെ കുറിച്ചും "ഉത്തരവാദിത്വത്തെ," കുറിച്ചും "അഭിനന്ദനത്തെ," കുറിച്ചും "ഉത്തരം പറയേണ്ടതിനെ" കുറിച്ചും ഉപദേശിക്കയുണ്ടായി.

ഈ പാഠത്തിന്റെ ഓരോ ഭാഗത്തിലും പ്രസംഗിക്കുവാനുള്ള ധാരാളം സാധ്യതകളുണ്ട്. "എന്ത് അധികാരം കൊണ്ട്?" എന്ന ന്യായാധിപസഭയുടെ ചോദ്യം മതപരമായ അധികാരത്തെ കുറിച്ചു ശക്തമായ ഒരു വിഷയം നല്കുന്നുണ്ട്. (ലെറോയ് ബ്രൗൺലോ തന്റെ *ദ ഗ്രെയിറ്റസ്റ്റ് ക്വസ്റ്റ്യൻസ് ഓഫ് ദ ഏജസ്*,[50] 31 എന്ന പുസ്തകത്തിൽ ചർച്ച ചെയ്തിട്ടുണ്ട്). "സ്വർഗത്തിൽ നിന്നോ ഭൂമിയിൽ നിന്നോ?" എന്ന ചോദ്യം എടുത്ത് ബൈബിളിന്റെ ദൈവശ്വാസിയതയെ ക്രിയാത്മകമായി പ്രസംഗിക്കാം അല്ലെങ്കിൽ നിഷേധസൂചകമായിട്ടാണെങ്കിൽ ഇന്നത്തെ മതപരിശീലനങ്ങളുടെ ആരംഭത്തെ കുറിച്ച് പ്രസംഗിക്കാം (ബ്രൗൺലോ, 111). മാനസാന്തരത്തെകുറിച്ചും, പ്രത്യേകിച്ച് ക്രിസ്ത്യാനിയുടെ ഉത്തരവാദിത്വത്തെ കുറിച്ചും, പൊതുവിൽ പുത്രത്വത്തെ കുറിച്ചും ഉള്ള പ്രസംഗത്തിന് രണ്ടു പുത്രന്മാരുടെ ഉപമ ഉപയോഗിക്കാവുന്നതാണ്. കല്ല്യാണസദ്യയുടെ ഉപമയെ കുറിച്ചുള്ള പ്രസംഗം ഈ പുസ്തകത്തിൽ കാണാം. ക്രിസ്ത്യാനിയുടെ ആഭ്യന്തര കടമകളെ കുറിച്ചുള്ള പ്രസംഗത്തിന് "കൈസർക്കുള്ളത് കൈസർക്ക്" എന്ന തലക്കെട്ട് ഉപയോഗിക്കാം. (ബൗൺലോ, 115, പ്രവൃത്തികൾ 2, ട്രൂത്ത് ഫോർ ടുഡേ [ജൂൺ 1995], 43–54).

---

കുറിപ്പുകൾ

[1]ഈ പാഠം ഒരു ക്ലാസ് റൂമിലാണ് ഉപയോഗിക്കുന്നതെങ്കിൽ, ക്ലാസിലുള്ള അംഗങ്ങളോട് അവരുടെ ദിവസം ഏതു വിധത്തിലുള്ളതായിരുന്നു എന്ന് പറയിപ്പിക്കുന്നതു നന്നായിരിക്കും. [2]ക്രിസ്തുവിന്റെ ശുശ്രൂഷയിലെ മറ്റൊരു തിരക്കുള്ള ദിവസം അറിയുന്നതിന്,

*ക്രിസ്തുവിന്റെ ജീവിതം, 2*ലെ “തിരക്കുള്ള ഒരു ദിവസം” എന്നതു നോക്കുക. [3]ആ കാര്യങ്ങളെല്ലാം ഒരു ദിവസംകൊണ്ടു സംഭവിച്ചിരിക്കയില്ല എന്നു പറയത്തക്കവണ്ണം, വളരെയധികം സംഭവങ്ങൾ അന്നു നടന്നിരിക്കുന്നു. യേശുവിന്റെ ക്രിസ്തുവിനെ കുറിച്ചുള്ള ചോദ്യത്തെ കുറിച്ച് (“അവൻ ആരുടെ പുത്രൻ?”), യെരുശലേം നാശത്തെ കുറിച്ചുള്ള അവന്റെ ഉപദേശം, ന്യായവിധിയെ കുറിച്ച് പറഞ്ഞതുമെല്ലാം നടന്നത് ബുധനാഴ്ച്ച രാവിലെ ആണെന്നാണ് അവർ വിചാരിച്ചത്. നമ്മുടെ ബാഹ്യരൂപരേഖയിൽ നാം എല്ലാ സംഭവങ്ങളും ഇട്ടിരിക്കുന്നത് ചൊവ്വാഴ്ച്ചയിലാണ്; അത് അത്ര പ്രാധാന്യമുള്ള കാര്യമല്ല. [4]ആ സംഭവങ്ങളെല്ലാം നടന്നത് ചൊവ്വാഴ്ച്ചയാണെന്ന് വിചാരിച്ചാൽ (കഴിഞ്ഞ ഫുട്ട്നോട്ട് നോക്കുക), ഒരുപക്ഷെ ആ ദിവസമായിരിക്കും കർത്താവിന്റെ ജീവിതത്തിൽ മറ്റേതൊരു ഒറ്റ ദിവസത്തിലും നടന്നതിനേക്കാളും ഉപദേശം നടന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്. [5]ഈ പാഠത്തിലെ ഉപദേശങ്ങളധികവും യേശുവിന്റെ ശത്രുക്കൾക്ക് നേരെയുള്ളതാണെങ്കിലും, അവനു ചുറ്റും കൂടിയ പുരുഷാരവും അവനെ കേൾക്കുകയുണ്ടായി (ലൂക്കൊസ് 20:9, 16 നോക്കുക). നമുക്ക് എല്ലാവർക്കും ആവശ്യമുള്ള പാഠങ്ങൾ ഉള്ളതുകൊണ്ടാണ് ആ ഉപദേശങ്ങൾ സൂക്ഷിച്ചിരിക്കുന്നത്. [6]ജാതികളുടെ പ്രാകാരത്തിൽ വെച്ചായിരിക്കാം അവൻ ഉപദേശിച്ചത്, ഒരുപക്ഷെ ശലോമോന്റെ മണ്ഡപത്തിൽ വെച്ചായിരിക്കാം (യോഹന്നാൻ 10:23; പ്രവൃത്തികൾ 3:11 നോക്കുക). *ക്രിസ്തുവിന്റെ ജീവിതം*, 1ലെ ദൈവാലയ ചിത്രം നോക്കുക. [7]“സുവിശേഷം” എന്നതിനർത്ഥം “സുവാർത്ത” എന്നാണ്. ഇവിടെ പ്രസംഗിച്ച “സുവിശേഷം” ഒരുപക്ഷെ ആസന്നമായ രാജ്യത്തെ കുറിച്ചുള്ള സുവാർത്തയാകാം (മർക്കൊസ് 1:15). [8]അവരുടെ കാഴ്ച്ചപ്പാടിൽ വിജയപ്രവേശനം ഒരുപക്ഷെ “ശബ്ദാനമായ പ്രദക്ഷിണം” ആയിരുന്നേക്കാം. ദൈവാലയ ശുദ്ധീകരണത്തെ കുറിച്ചും വിജയപ്രവേശനത്തെ കുറിച്ചും കൂടുതൽ അറിയുവാൻ, ഈ പുസ്തകത്തിൽ നേരത്തെ വന്നിട്ടുള്ള “നഷ്ടപ്പെട്ട അവസരങ്ങൾ” എന്ന പാഠം നോക്കുക. [9]ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് ഫിലിപ് വൈ.പെൻലെറ്റൺ, *ദ ഫോർ ഫോൾഡ് ഗോസ്പൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പൽസ്* (സിൻസിനാറ്റി:സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് ഫൗണ്ടേഷൻ, എൻ. ഡി.), 586. [10]യേശുവിനെ കുറിച്ചുള്ള യോഹന്നാന്റെ സാക്ഷ്യത്തെ സംബന്ധിച്ച് കൂടുതൽ വാക്യങ്ങൾക്ക്, യോഹന്നാൻ 1:6, 7, 15, 36; 3:26–36; 10:40–42.

[11]ആ ചൊവ്വാഴ്ച്ച യേശു നിരവധി ഉപമകൾ പഠിപ്പിച്ചു. ആ ഉപമകളെ ചിലപ്പോൾ “ദ തേർഡ് ഗ്രെയിറ്റ് ഗ്രൂപ് ഓഫ് പാരബിൾസ്” എന്ന് വിളിച്ചിട്ടുണ്ട്. [12]പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ, വിവിധ രീതികളിലുള്ള ആലങ്കാരിക ഉപയോഗത്തെ സൂചിപ്പിച്ച് “ഉപമകൾ” അയഞ്ഞ രീതിയിലാണ് സുവിശേഷവിവരണങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത്. [13]അനുസരിച്ചമകന്റേയും അനുസരിക്കാത്ത മകന്റേയം ക്രമം തിരിച്ചാണ് ചില കൈയെഴുത്തുപ്രതികളിലുള്ളത്. അതു സന്ദേശത്തെ ഒരു വിധത്തിലും ബാധിക്കുകയില്ല. [14]യോഹന്നാനെ വിശ്വസിക്കാത്ത വിധത്തിൽ ഉത്തരം പറഞ്ഞവരെ അവനെ വിശ്വസിക്കാത്തതിനു യേശു കുറ്റപ്പെടുത്തുകയുണ്ടായി (മത്തായി 21:32). പിന്നെ, വിശ്വസിക്കാതിരുന്ന, മതാദ്ധ്യക്ഷന്മാരുടെ നേരെ ആയിരുന്നു ചോദ്യം (മത്തായി 21:25), മറിച്ച്, പുരുഷാരം യോഹന്നാനെ അതിയായി ബഹുമാനിച്ചിരുന്നു (മത്തായി 21:26). യേശുവിനെ കുറിച്ച് യോഹന്നാൻ പറഞ്ഞതു മുഴുവൻ മനസിലാക്കാതിരുന്ന മറ്റു പലരും അവിടെ ഉണ്ടായിരുന്നു, അതുകൊണ്ട് അതു കൂടുതൽ പ്രായോഗികമാക്കാം. [15]ദൈവരാജ്യത്തിൽ പേർ പറയപ്പെട്ടവരോടുകൂടെ യെഹൂദമതാദ്ധ്യക്ഷന്മാർ *സ്വാഭാവികമായും* ചേരുമെന്ന് “നിങ്ങൾക്ക് മുൻപ്” എന്ന വാക്ക് ഉപയോഗിച്ചതിൽനിന്നും അർത്ഥമാക്കരുത്. അവർ എപ്പോഴെങ്കിലും ദൈവരാജ്യത്തിൽ പ്രവേശിക്കുകയാണെങ്കിൽ അതു ചുങ്കക്കാരും (മുൻപ്) വ്യഭിചാരികളും പ്രവേശിക്കുന്ന രീതിയിൽ തന്നെയായിരിക്കും: അവർ യേശുവിൽ വിശ്വസിക്കുകയും പാപങ്ങളിൽനിന്നു വിട്ടുതിരിയുകയും വേണം. [16]പുരുഷാരത്തെ

രോഷാകുലരാക്കാതിരിപ്പാൻ, അവർ യോഹന്നാനിൽ വിശ്വസിക്കുന്നില്ല എന്നു തുറന്നു പറയുവാൻ മടിച്ചു (മത്തായി 21:25, 26), എങ്ങനെയായാലും അവർ യോഹന്നാനിൽ വിശ്വസിക്കാത്തതിന് അവരെ യേശു ശാസിക്കുകയുണ്ടായി. [17]യെഹൂദാദ്ധ്യക്ഷന്മാർ അപ്പോഴും അവിടെയുണ്ടായിരുന്നു (മത്തായി 21:45). [18]മെക്ഗാർവേ ആന്റ് പെൻലറ്റൺ, 591. [19]മത്തായി 21:33–ൽ യേശു യിസ്രായേൽ ദേശത്തെ കുറിച്ച് പറയുവാൻ യെശയ്യാവ് 5:1, 2 ഉദ്ധരിച്ചു. [20]മത്തായിയുടെ വിവരണമനുസരിച്ച് ഒരു ദാസനെ കല്ലെറിഞ്ഞു (മത്തായി 21:35).

[21]വാൽട്ടർ ഡബ്ലിയു. വെസെൽ ആന്റ് വില്യം എൽ ലെയിൻ, നോട്ട്സ് ഓൺ ബുക്ക് ഓഫ് മാർക്ക്, *ദ എൻഐവി സ്റ്റഡി ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1985), 1518. [22]ആ എഴുത്തിനെ കുറിച്ച്, ഞാൻ താമസിക്കുന്ന സ്ഥലത്ത്, ഞങ്ങൾ പറയും, "അത് തലയിൽ–ഒന്നുമില്ലാത്തവന്റേതാണ്". [23]"ഫലം"="ഉൽപ്പന്നം" ദൈവം–അംഗീകരിച്ച ജീവിതത്തിന്റെ (ഫലങ്ങൾ) ആണ് (യോഹന്നാൻ 15:1–10; റോമർ 7:4; ഗലാത്യർ 5:22, 23). [24]ഗ്രീക്കിൽനിന്നുള്ള ശരിയായ തർജിമയാണ് "അങ്ങനെ ഒരിക്കലും സംഭവിക്കയില്ല" എന്നത്, എന്നാൽ ആ വാക്കിൽ അടങ്ങിയിരിക്കുന്ന പൂർണ്ണമായ അർത്ഥം കിട്ടുന്നില്ല. കെജെവിയിലും ആർഎസ്‌വിയിലും സൂചിപ്പിക്കുന്നതിനെ മെക്ഗാർവേ "ദ സെമി–പ്രൊഫെയിൻ എക്സ്പ്രഷൻ" "ഗോഡ് ഫോർബിഡ്" എന്നു വിളിച്ചിരിക്കുന്നു (മെക്ഗാർവേ ആന്റ് പെൻലറ്റൺ, 593). ദൈവ നാമത്തെ നിസാരമായി പറയുന്നത് മനസാക്ഷിയുള്ള യെഹൂദനു ചിന്തിക്കാവുന്നതല്ല. "അങ്ങനെ സംഭവിക്കയില്ല" എന്നതു അനേമിക് ആണ്, ഒരുപക്ഷെ അതായിരിക്കും നല്ലത്. [25]ഈ പ്രവചനം ആദ്യസഭ ഇഷ്ടപ്പെട്ട ഒന്നായിരുന്നു (പ്രവൃത്തികൾ 4:11; റോമർ 9:33; 1 പത്രൊസ് 2:7). [26]ലൂയിസ് ഫോസ്റ്റർ, നോട്ട്സ് ഓൺ ദ ബുക്ക് ഓഫ് ലൂക്ക്, ദ എൻഐവി സ്റ്റഡി ബൈബിൾ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1985), 1579. [27]മെക്ഗാർവേ പറഞ്ഞത്, അവിടെ കൂടിയവരിൽ, "യേശുവിനുവേണ്ടി എന്തും ചെയ്യുവാൻ ധൈര്യശാലികളായ ഗലീലക്കാരുണ്ടായിരുന്നു" എന്നാണ് (മെക്ഗാർവേ ആന്റ് പെൻലെറ്റൺ, 595). [28]ആ ഉപമയെക്കുറിച്ചുള്ള ചുരുങ്ങിയ വിവരണത്തിന്, ക്രിസ്തുവിന്റെ ജീവിതം, 4ൽ കാണുന്ന "എന്നോട് കഥ പറയുക" എന്ന പാഠം നോക്കുക. [29]ഈ ഉപമയുടെ കൂടുതൽ വിവരങ്ങൾക്ക്, "രാജാവിൽനിന്നുള്ള ക്ഷണം" എന്ന അടുത്ത പാഠം നോക്കുക. [30]ഇതു വാസ്തവമാണെന്ന് വിചാരിച്ചാൽ, ഉപമയിൽ രാജാവ് *തന്റെ* സൈന്യത്തെ അയച്ചു എന്നു പറയുന്നു, എന്നാൽ *റോമാ*സൈന്യമാണ് യെരുശലേമിനെ നശിപ്പിക്കുന്നത്. ദൈവം തന്റെ ഉദ്ദേശം നിറവേറ്റുവാൻ അഭക്തരായ സൈന്യത്തെ ഉപയോഗിച്ചതായി പഴയനിയമം പഠിപ്പിക്കുന്നുണഅട് (യെശയ്യാവ് 10:5; 13:5; യിരെമ്യാവ് 25:9; യെഹെസ്ക്കേൽ 29:17–20).

[31]എഫ് .എഫ്. ബ്രൂസ്, *ദ ഹാർഡ് സേയിങ്ങ്സ് ഓഫ് ജീസസ്* (ഡൗണേഴ്സ് ഗ്രോ, Ill.:ഇന്റർ വാഴ്സിറ്റി പ്രസ്, 1983), 206–7. [32]ഇബിഡ്., 207 (എംഫസിസ് മൈൻ). [33]ഇത്, തീർച്ചയായും, അവസാനം അവർ ചെയ്തതാണ്. അന്നത്തെ റോമാനാടുവാഴി പൊന്തിയൊസ് പിലാത്തൊസ് ആയിരുന്നു. [34]ഏ. റ്റി. റോബെർട്ട്സൺ, *ഏ ഹാർമണി ഓഫ് ദ ഗോസ്പെൽസ് ഫോർ ദ സ്റ്റുഡൻസ് ഓഫ് ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ന്യൂയോർക്ക്: ഹാർപ്പർ & റോവ്, 1950), 164. [35]എച്ച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യൂടെസ്റ്റമെന്റ്* (ലിബെർട്ടി, മോ.:ക്വാളിറ്റി പ്രസ്, 1963), 193; മെക്ഗാർവേ ആന്റ് പെൻലെറ്റൺ, 597. [36]പാലസ്തീന്റെ മുഴുവൻ രാഷ്ട്രീയ ഭരണത്തിലേറുന്നവരുടെ സ്ഥാനത്തെയാണ് ഹെരോദാവ്മാർ എന്നു വിളിക്കുന്നത്. [37]പരീശന്മാർക്കും ഹെരോദാവുമാർക്കും ഇടയിലുണ്ടായിരുന്ന സ്പർദ്ധ മുൻപ് സൂചിപ്പിക്കയുണ്ടായി: മർക്കൊസ് 3:6. [38]അവർ സംസാരിച്ച വാക്കുകൾ, സത്യമായിരുന്നുവെങ്കിലും, അവർ ഉപയോഗിച്ചത് മുഖസ്തുതിയായിട്ടാണ് (1) കാ

രണം അവർ അവയിൽ വിശ്വസിച്ചിരുന്നില്ല (2) അവർ ആ വാക്കുകൾ സംസാരിക്കുമ്പോഴും അവരുടെ ലക്ഷ്യം വേറെ ആയിരുന്നു (മത്തായി 22:18 നോക്കുക). [39]ആരംഭത്തിൽ "സീസർ" എന്ന വാക്ക് ജൂലിയസ് സീസറിനായി ഉപയോഗിച്ചതായിരുന്നു, എന്നാൽ പിന്നീട് അത് ഏതൊരു റോമൻ ചക്രവർത്തിയുടേയും പദവിയായിത്തീർന്നു. [40]വിൽ എഡ് വാരെൻ പറഞ്ഞതനുസരിച്ച്, "യെരുശലേം നശിപ്പിക്കുവാൻ ഉള്ള ഭാഗികമായ കാരണം നികുതി കൊടുക്കുന്നതുകൊണ്ടായിരുന്നു." (വിൽ എഡ് വാരെൻ, ക്ലാസ് സിലബസ്, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്:ദ സിനോപ്റ്റിക് ഗോസ്പെൽസ്*, ഹാർഡിങ്ങ് യൂണിവേഴ്സിറ്റി, 1991, 91). നികുതിയുടെ ചില ഘടനകൾ മനസിലാക്കുവാൻ ഈ പുസ്തകത്തിൽ നേരത്തെ വന്ന "ദൈവമേ എന്നോട് കരുണയുണ്ടാകേണമേ" എന്ന പാഠം നോക്കുക.

41"ആളുകളുടെ ജനസംഖ്യ" യുടെ അടിസ്ഥാനത്തിലുള്ള "കരമാണ്" "പോൾ–ടാക്സ്" എന്ന് ഗ്രീക്കിൽ നിന്നു തർജിമ ചെയ്തിരിക്കുന്നത്. (*ദ അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൺ* [ലണ്ടൻ:സാമുവേൽ ബാഗ്സ്റ്റർ &സൺസ് ലിമിറ്റഡ്., 1971] , 230). ദ കെജെവിയിൽ "ട്രിബൂട്ട്" എന്നാണ്. [42]വാരെൻ, 91. [43]പിന്നീട് യേശുവിനെ പിലാത്തൊസിന്റെ മുൻപിൽ കൊണ്ടുവന്നപ്പോൾ, "അവൻ കൈസർക്ക് കരം കൊടുക്കുന്നതിനെ വിലക്കി" എന്ന കുറ്റം ആരോപിക്കയുണ്ടായി (ലൂക്കൊസ് 23:2), ആ തെറ്റായ ആരോപണമൊന്നും നടപടിയെ ബാധിച്ചില്ല. [44]"ദിനാർ അവന്റെ അടുക്കൽ *കൊണ്ടുവന്നു*" എന്നു പറയുന്നതുകൊണ്ട് ആ സമയത്ത് അവിടെ ദിനാർ ഉണ്ടായിരുന്നില്ല എന്നു സ്പഷ്ടം. എല്ലാവരും തമ്മിൽ തമ്മിൽ, "നിന്റെ കയ്യിൽ ദിനാർ ഉണ്ടോ?" എന്നു ചോദിച്ച് ബാഗിൽ തപ്പുന്നതും "ഇല്ല" "നിന്റെ കയ്യിലുണ്ടോ?" എന്നു മറുപടി നൽകുന്നതുമായ രംഗം എനിക്ക് കാണുവാൻ കഴിയും. [45]എല്ലായ്പോഴും ശ്രദ്ധിച്ചിട്ടുള്ളതുപോലെ, ഒരു ദിനാർ സാധാരണ ജോലിക്കാരന്റെ ഒരു ദിവസത്തെ ശമ്പളമാണ് (മത്തായി 20:2, 9). [46]മേലെഴുത്ത് ഇങ്ങനെ വായിക്കാമായിരുന്നു: "തിബെര്യാസ് കൈസർ, ദ ആഗസ്റ്റ് സൺ ഓഫ് ദ ഡിവൈൻ അഗസ്റ്റസ്." ഈ വിവരങ്ങളധികവും മെക്ഗാർവേ ആന്റ് പെൻലെറ്റൺ, 599. [47]ഒരു നിയമമായി, ഓരോ രാജ്യത്തിലും നാണയങ്ങൾ ഇറക്കുന്നതു ഗവൺമെന്റാണ്, അതുകൊണ്ടു അതു ഗവൺമെന്റിന്റേതാണ്. [48]മേലെഴുത്ത് ("ദ ഡിവൈൻ അഗസ്റ്റസ്") ഉപയോഗിച്ച് വിഗ്രഹാരാധന അവകാശപ്പെടുന്നതിനെ യേശുവിന്റെ വാക്കുകൾ എതിർക്കുന്നതായ സൂചന അതിൽ കാണുന്നു. നാണയത്തിൽ കൈസരുടെ രൂപമുണ്ടായിരുന്നതുകൊണ്ട് അത് *അവനു* നൽകണം, എന്നാൽ നാം ദൈവരുപത്തിലാണ് സൃഷ്ടിക്കപ്പെട്ടത്, അതുകൊണ്ട് ഭക്തി *ദൈവത്തിനു* നൽകണം (ഉല്പത്തി 1:26, 27). [49]ആഭ്യന്തര ഗവൺമെന്റിനോടുള്ള ഒരു ക്രിസ്ത്യാനിയുടെ ഉത്തരവാദിത്വത്തെ കുറിച്ചുള്ള വാക്യങ്ങൾ റോമർ 13:1–7; 1 തിമൊഥെയൊസ് 2:1, 2; തിത്തൊസ് 3:1, 2; 1 പത്രൊസ് 2:13–17). [50]ലെറോയ് ബ്രൌൺലോ, *ദ ഗ്രെയിറ്റെസ്റ്റ് ക്വസ്റ്റ്യൻസ് ഓഫ് ദ ഏജെസ്* (ഫോർട്ട്വർത്ത്, ടെക്സ്.:ബ്രൗൺലോ പബ്ലിക്കേഷൻസ്, 1956).